# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3649 14.03.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

## <u>സ്റ്റാഫ് നഴ്സ് തസ്തികയുടെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിയമനം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാഫ് നഴ്സ് തസ്തികയുടെ സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുമ്പ് ഉത്ഭവിച്ച പെൻഡിങ് ടേൺസ് ആരോഗ്യ വകുപ്പിൽ നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും നികത്തും എന്ന 2016 നവംബർ 14 ലെ പി.എസ്.സി തീരുമാനം ഉണ്ടായിട്ടും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;<br><br>ബി) പി.എസ്.സി യുടെ 2016 നവംബർ 14 ലെ തീരുമാനപ്രകാരം നിയമനം നടത്തുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദ മാക്കുമോ? | എ) & ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയുടെ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് മുമ്പ് സംജാതമായ pending turns ആരോഗ്യ വകുപ്പിലെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തണമെന്ന് ബഹു. കമ്മീഷൻ 14.11.2016-ൽ തീരുമാനമെടുത്തു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയുടെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത് 29.06.2015 തീയതിയിലുമാണ് എന്നതിനാൽ ടി തീരുമാനം നടപ്പാക്കുന്നതിൽ അവ്യക്തത നിലനിന്നു. തുടർന്ന് തീരുമാനം പുനഃപരിശോധിക്കുകയും റാങ്ക് പട്ടിക നിലവിൽ വന്ന 29.06.2015-ന് മുമ്പ് സംജാതമായ എല്ലാ pending turns ഉം ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്താനും ഉത്തരവായി. ടി ഉത്തരവ് എല്ലാ ജില്ലാ ആഫീസർമാരെയും അറിയിച്ചിട്ടുണ്ട്. |

Milan

സെക്ഷൻ ഓഫീസർ